# മലയാളി അസ്സോസിയേഷൻ, റാഞ്ചി

No.MAR/994

Date:13/11/2019

## ക്രിസ്മസ്, നവവൽസരപ്പിറവി, വാർഷികദിനം, ആഘോഷങ്ങൾ

സുഹൃത്തുക്കളെ,

മലയാളി അസ്സോസിയേഷന്റെ എല്ലാ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആഹ്ളാദകരമായ ക്രിസ്മസ്സും ഐശ്വര്യസമ്പന്നമായ പുതുവൽസരവും നേർന്നുകൊള്ളട്ടെ. സംഘടന, ഈ വർഷത്തെ അതിന്റെ വാർഷികദിനം, നവവൽസരപ്പിറവി, ക്രിസ്മസ് എന്നിവ വർണ്ണശബളമായ കലാപരിപാടികളോടുകൂടി 2019 ഡിസംബർ 29-ാം തീയതി (ഞായറാഴ്ച) വൈകുന്നേരം 5.00 മണി മുതൽ കൈരളി സ്ക്കൂൾ അങ്കണത്തിൽ വച്ച് ആഘോഷിക്കാൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കാൻ അത്യധികം സന്തോഷമുണ്ട്.

കലാപരിപാടികളിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ തങ്ങളുടെ പേരുകളും മറ്റുവിവരങ്ങളും സംഘടനയുടെ ഓഫീസിൽ 15-12-2019നു മുൻപ് എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു വ്യക്തി **ഒന്നിൽ** കൂടുതൽ പരിപാടികളിൽ പങ്കെടുക്കുന്നത് അനുവദനീയമല്ല.

കലാപരിപാടികളിൽ പങ്കെടുക്കുന്ന വ്യക്തികൾ തൽസംബന്ധമായ റിഹേഴ്സൽ പരിപാടികളിൽ പങ്കെടുക്കേണ്ടത് അനിവാര്യമാണ്. റിഹേഴ്സൽ പരിപാടികളുടെ തീയതി, സമയം മുതലായവ പിന്നീട് അറിയിക്കുന്നതാണ്. റിഹേഴ്സലിൽ പങ്കെടുക്കാത്തവരുടെ പരിപാടികൾ സ്വീകാര്യമല്ല.

വാർഷികാഘോഷങ്ങളോടനുബന്ധിച്ച് ഇൻഡോർ കളികൾ (Indoor games) ഔട്ട്ഡോർകളികൾ (Outdoor games), വാർഷികകായികമൽസരങ്ങൾ (Annual Sports) എന്നിവ സംഘടിപ്പിക്കാൻ അസ്സോസിയേഷൻ തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവയെ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### <u>ഇൻഡോർ കളികൾ, ഔട്ട്ഡോർകളികൾ:</u>

മേൽപ്പറഞ്ഞ ഇൻഡോർ കളികളുടെ ഉൽഘാടനം 24/11/2019 ഞായറാഴ്ച്ച വൈകുന്നേരം 4.00 മണിയ്ക്ക് കൈരളി സ്ക്കൂളിൽ വച്ച് നടത്തുന്നതാണ്. ഈ കളികളിൽ പങ്കെടുക്കുന്നതിനുള്ള entry forms ഇതോടൊപ്പം കൊടുത്തിട്ടുണ്ട്. പൂരിപ്പിച്ച entry ഫോറങ്ങൾ 21-11-2019നകം സംഘടനയുടെ ഓഫീസിൽ കിട്ടിയിരിക്കണം. വിജയികൾക്കുള്ള സമ്മാനദാനം 2019 ഡിസംബർ 29-ാംതീയതി (ഞായറാഴ്ച) നടക്കുന്ന ചടങ്ങിൽ വച്ച് നിർവ്വഹിക്കപ്പെടും.

### വാർഷിക കായികമൽസരങ്ങൾ (Annual Sports)

വാർഷിക കായികമൽസരങ്ങൾ (Annual Sports), 15-12-2019 (ഞായറാഴ്ച്ച) രാവിലെ 11.30 മണി മുതൽ കൈരളി സ്ക്കൂൾ മൈതാനത്തുവച്ച് നടക്കുന്നതാണ്. കായികമൽസരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള entry ഫോറങ്ങൾ ഇതോടൊപ്പം കൊടുത്തിട്ടുണ്ട്. പൂരിപ്പിച്ച entry ഫോറങ്ങൾ

10-12-2019നകം സംഘടനയുടെ ഓഫീസിൽ കിട്ടിയിരിക്കണം. വിജയികൾക്കുള്ള സമ്മാനദാനം അതേ ദിവസം തന്നെ (15-12-2019 ) നിർവ്വഹിക്കപ്പെടും.

2019 ഡിസംബർ 29-ാം തീയതി (ഞായറാഴ്ച) വൈകുന്നേരം 5.00 മണി മുതൽ നടക്കുന്ന വാർഷികദിനം, നവവൽസരപ്പിറവി, ക്രിസ്മസ് ആഘോഷങ്ങളിൽ തങ്ങൾ പങ്കെടുക്കുന്ന വിവരം മുൻകൂറായി സംഘടനയെ അറിയിക്കണമെന്ന് എല്ലാ മാന്യ അംഗങ്ങളോടും സവിനയം അഭ്യർത്ഥിക്കുന്നു. ഇതിനായി ഇതോടൊപ്പം കൊടത്തിരിക്കുന്ന format പൂരിപ്പിച്ച് 24-12-2019 നകം സംഘടനയുടെ ഓഫീസിൽ എത്തിച്ചിരിക്കണം.

**ബെസ്റ്റ് സ്റ്റുഡന്റ് അവാർഡ്:** ചടങ്ങുകളോടനുബന്ധിച്ച്,, മലയാളി അസ്സോസിയേഷൻ വർഷംതോറും നൽകിവരുന്ന **ബെസ്റ്റ് സ്റ്റുഡന്റ് അവാർഡ്** അർഹതയുള്ള വിദ്യാർത്ഥിക്ക് സമ്മാനിക്കപ്പെടുന്നതായിരിക്കും. ഇതിനുവേണ്ടിയുള്ള അപേക്ഷാ ഫോറങ്ങൾ ലൈബ്രറി & പബ്ളിക്കേഷൻ വിഭാഗം ജോയിന്റ് സെക്രട്ടറിയിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ 24/12/2019നകം അസ്സോസിയേഷന്റെ ഓഫീസിൽ കിട്ടിയിരിക്കണം.

**എം.പി.മാത്യു മെമ്മോറിയൽ അച്ചീവ്മെന്റ്അവാർഡ്:**

റാഞ്ചിയിലെ പൊതുസമൂഹത്തിനും വിശേഷിച്ച് ഇവിടത്തെ പ്രവാസി മലയാളി വിഭാഗത്തിനും വേണ്ടി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ള, മലയാളികളായ, വിശിഷ്ടവ്യക്തികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള **എം.പി.മാത്യു മെമ്മോറിയൽ അച്ചീവ്മെന്റ് അവാർഡ്**, ഇക്കാര്യത്തിനു വേണ്ടി പ്രത്യേകം നിയോഗിക്കപ്പെട്ട കമ്മിറ്റി തിരഞ്ഞെടുക്കുന്ന വ്യക്തിക്ക്, ചടങ്ങുകളോടനുബന്ധിച്ച്, സമ്മാനിക്കപ്പെടുന്നതാണ്.

അസ്സോസിയേഷന്റെ ആയുഷ്ക്കാലാംഗങ്ങളും **70** വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും, അതോടൊപ്പം ഇപ്പോൾ റാഞ്ചിയിൽ വസിക്കുന്നവരും ആയ അഭിവന്ദ്യ വ്യക്തികളെ, സംഘടനയുമായി അവർക്കുള്ള അഭേദ്യമായ വൈകാരികബന്ധത്തിന്റെ അംഗീകാരമെന്ന നിലയിലും സംഘടനയ്ക്ക് അവരോടുള്ള നിസ്സീമമായ സ്നേഹാദരങ്ങളുടെ പ്രതീകമായും, ഡിസംബർ 29-ാം തീയതി വൈകുന്നേരം 5.00 മണിക്ക് ആരംഭിക്കുന്ന പരിപാടികളോടനുബന്ധിച്ച് പൊന്നാടയണിയിച്ച് ആദരിക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചുകൊള്ളട്ടെ. അതുകൊണ്ട് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന ബഹുമാന്യരായ അംഗങ്ങൾ തങ്ങളുടെ പേരുവിവരങ്ങൾ 26/12/2019നകം അസ്സോസിയേഷന്റെ ഓഫീസിൽ ടെലിഫോൺ മുഖേനയോ മറ്റുവിധത്തിലോ അറിയിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ( Phone No.9546468977/ 2444349).

ഒരിക്കൽക്കൂടി എല്ലാ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഹാർദ്ദമായ **ക്രിസ്മസ്/നവവൽസര ആശംസകൾ** അർപ്പിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

സുകുമാരൻ നായർ

(സുകുമാരൻ നായർ)

ജനറൽ സെക്രട്ടറി